LIBRARY ARCHIVES Kerala Legislative Assembly

വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ

159 (609) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോയിൽനിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ; ആയതിലേക്ക് എത്ര ബസ്സുകൾ ആവശ്യമുണ്ട് ;

(ബി) നിലവിൽ പ്രസ്തുത ഡിപ്പോയിൽനിന്നും എത്ര ബസ്സുകൾ ഉണ്ട് ; അത് ആവശ്യമുള്ളതിൽനിന്നും എത്ര കുറവാണ് ;

(സി) പ്രസ്തുത കുറവ് നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഡിപ്പോയിൽ 31 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ആയതിലേക്ക് 34 ബസ്സുകൾ ആവശ്യമുണ്ട്.

(ബി&സി) 35 ബസ്സുകൾ ഉണ്ട്. ആവശ്യമുള്ളതിൽ കുറവില്ല.

എം.എൽ.എ.-മാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. അനുവദിച്ച ബസ്സുകൾ

160 (610) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എം.എൽ.എ.മാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ അനുവദിച്ചു ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിൽ ഏതെല്ലാം റൂട്ടുകളിലാണ് ബസ് അനുവദിച്ചത് ;

(സി) ഇതുവരെ അനുവദിക്കാത്ത മണ്ഡലങ്ങളിൽ ബസ്സുകൾ അനുവദിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 20 എണ്ണം.

(ബി) താമരശ്ശേരി മണ്ഡലത്തിൽ രണ്ട് ഷെഡ്യൂളുകൾ തുടങ്ങിയിട്ടുണ്ട്. 06.00 മണി കോഴിക്കോട് അടിവാരം, തുഷാരഗിരി സർവ്വീസും 14.30 താമരശ്ശേരി, കൊടക്കാട്ടുപാറ സർവ്വീസും മേപ്പയൂർ മണ്ഡലത്തിൽ വടകര യൂണിറ്റിൽനിന്നും വടകര-മണിയൂർ സർവ്വീസ് നടത്തുന്നുണ്ട്. കോഴിക്കോട് അഞ്ച് സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്.